**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4386** **18-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പ്രധാന വൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്നും അവ എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പ്രധാന വൈദ്യുത പദ്ധതികൾ, പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന സമയം എന്നിവ **അനുബന്ധമായി ചേർക്കുന്നു.**<br><br>പി എം കുസും പദ്ധതിയുടെ കീഴിൽ, 7.5 MW ന്റെ, 14663 പമ്പുകളുടെ ഫീഡർ ലെവൽ സോളറൈസേഷൻ പദ്ധതി, മാനന്തവാടി, കഞ്ചിക്കോട്, മൈലാട്ടി എന്നീ സ്ഥലങ്ങളിൽ നടന്നു വരുന്നു. പ്രസ്തുത പദ്ധതി 31.12.2025 ൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കൊല്ലം ജില്ലയിൽ, NHPC മുഖേന നടപ്പിലാക്കുന്ന 50 MW ന്റെ വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്രോജെക്റ്റ്, 2025 -26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.<br><br>**പ്രസരണ വിഭാഗത്തിലെ വൈദ്യുതി പദ്ധതികൾ**<br><br>1. ശബരി ലൈൻസ് & സബ്സ്റ്റേഷൻ പാക്കേജ് (പത്തനംതിട്ട, കക്കാട് 220 കെ വി സബ്സ്റ്റേഷനിലേക്കുള്ള 220 കെവി ലൈൻ) – 78.54% പുരോഗതി കൈവരിച്ചു. 31.03.2025 ൽ പൂർത്തീകരിക്കും. പദ്ധതി തുക : 130.73 കോടി രൂപ<br><br>2. 220 kV സബ്സ്റ്റേഷൻ പത്തനംതിട്ട - 78.24 % പുരോഗതി കൈവരിച്ചു. 31.03.2025 ൽ കമ്മീഷൻ ചെയ്യും. പദ്ധതി തുക : 45.11 കോടി രൂപ<br><br>3. 220 kV സബ്സ്റ്റേഷൻ കക്കാട് – 73.6 % പുരോഗതി കൈവരിച്ചു. 31.03.2025 ൽ കമ്മീഷൻ ചെയ്യും. പദ്ധതി തുക : 39.94 കോടി രൂപ<br><br>4. കോലത്തുനാട് ലൈൻ സ്ട്രെങ്ത്തനിങ് പാക്കേജ്: പുരോഗതി: 85.76%, പദ്ധതി 31.03.2025 നു പൂർത്തീകരിക്കും. പദ്ധതി തുക: 339.22 കോടി രൂപ |

5. തൃശ്ശിവപേരൂർ ലൈൻസ് പാക്കേജ് (നിർദ്ദിഷ്ട വെങ്ങാലൂർ 220 കെ.വി സബ്സ്റ്റേഷനിലേക്കുള്ള 220 കെവി ലൈൻ) – 30.92% പുരോഗതി കൈവരിച്ചു. 31.12.2025 ൽ പൂർത്തീകരിക്കും. പദ്ധതി തുക : 116.83 കോടി രൂപ

6. വെങ്ങാലൂർ (തിരൂർ) 220 കെ.വി സബ്സ്റ്റേഷൻ - താത്കാലിക 110 / 11 കെ.വി 12.5 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവർത്തി 31.03.2025 ൽ പൂർത്തിയാക്കും. 90% പുരോഗതി കൈവരിച്ചു. പദ്ധതി തുക : 1.2 കോടി രൂപ

7. ട്രാവൻകൂർ ലൈൻസ് പാക്കേജ് (മെഡിക്കൽ കോളേജ്- TERLS സബ്സ്റ്റേഷനുകൾ, വിഴിഞ്ഞം- വേളി -മുട്ടത്തറ സബ്സ്റ്റേഷനുകൾ എന്നിവ ഭൂഗർഭ കേബിളുകൾ വഴി ബന്ധിപ്പിക്കൽ - 63.3% പുരോഗതി കൈവരിച്ചു . പദ്ധതി തുക : 125.94 കോടി രൂപ

8. 400 kV വയനാട് - കാസർഗോഡ് DC ലൈൻ - 12.34 % പുരോഗതി കൈവരിച്ചു. പദ്ധതി തുക : 706.3 കോടി രൂപ

9. അട്ടപ്പാടി ഗ്രീൻ കോറിഡോർ - മണ്ണാർക്കാട്, അഗളി (അട്ടപ്പാടി) 220 / 110 കെ.വി ജിസ് സബ്സ്റ്റേഷനും, അനുബന്ധ 220 കെവി ലൈനും - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തികരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ് .പദ്ധതി തുക : 310.46 കോടി രൂപ

10. രാമക്കൽമേട് ഗ്രീൻ കോറിഡോർ - നിർമലാ സിറ്റി & 110 കെ.വി സബ്സ്റ്റേഷൻ പുഷ്പകണ്ടം, രാമക്കൽമേട് - നെടുക്കണ്ടം 110 കെ.വി ലൈനും കുയിലിമല നിർമലാ സിറ്റി 220/ 110 കെ.വി ലൈൻ - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തികരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പദ്ധതി തുക : 288.64 കോടി രൂപ

11. കരിന്തളം ഡൌൺസ്ട്രീം - നിർദിഷ്ട 400 കെ.വി കരിന്തളം സബ്സ്റ്റേഷനിൽ നിന്നുള്ള 220 കെ.വി മൾട്ടി സർക്യൂട്ട് ലൈനുകൾ - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തികരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പദ്ധതി തുക : 54.49 കോടി രൂപ

12. കുത്തുങ്കൽ നെടുങ്കണ്ടം 110 കെ.വി ലൈൻ - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തികരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പദ്ധതി തുക : 38.25 കോടി രൂപ

13. വള്ളുവനാട് പാക്കേജ് - നിർദിഷ്ട വെണ്ണക്കര 220 കെ.വി സബ്സ്റ്റേഷനിലേക്കുള്ള 220 കെ.വി ലൈൻ, 220 കെ.വി മണ്ണാർക്കാട്, വെണ്ണക്കര ലൈൻ - ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. പദ്ധതി തുക : 242.18 കോടി രൂപ

14. വയനാട് 400 കെ.വി സബ്സ്റ്റേഷൻ - സ്ഥലമേറ്റെടുക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. പദ്ധതി തുക: 205.5 കോടി രൂപ

15. 220 കെ.വി സബ്സ്റ്റേഷനുകളായ തുറവൂർ, വെണ്ണക്കര, അഗളി, മണ്ണാർക്കാട് - ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. പദ്ധതി തുക : 284.91 കോടി രൂപ

16. 220 കെ.വി സബ്സ്റ്റേഷനുകളായ ശാസ്താംകോട്ട, ഇരിഞ്ഞാലക്കുട, വിദ്യാനഗർ (കാസർഗോഡ്) 400 കെ.വി സബ്സ്റ്റേഷൻ ഇടമൺ - പ്രാരംഭ നടപടികൾ പുരോഗമിച്ച് വരുന്നു. പദ്ധതി തുക : 403.5 കോടി രൂപ

17. വാഴൂർ 110kV സബ്സ്റ്റേഷൻ നിർമ്മാണം: പദ്ധതി പൂർത്തീകരിച്ചു 17.02.2025 ന് കമ്മീഷൻ ചെയ്തു. പദ്ധതി തുക: 15.2 കോടി രൂപ

18. വെണ്ണിയൂർ 33kV സബ്സ്റ്റേഷൻ നിർമ്മാണം: പദ്ധതി പൂർത്തീകരിച്ചു 27.12.2024 ന് കമ്മീഷൻ ചെയ്തു. പദ്ധതി തുക: 19 കോടി രൂപ

19. INKEL 33kV സബ്സ്റ്റേഷനും അനുബന്ധ ലൈനും: പദ്ധതി 31.03.2025 ന് പൂർത്തീകരിക്കും. 95% പുരോഗതി കൈവരിച്ചു. തുക: 9.9 കോടി രൂപ

20. മുരിക്കാശ്ശേരി 110kV സബ്സ്റ്റേഷനും അനുബന്ധ ലൈനും: പദ്ധതി 31.05.2025 ന് പൂർത്തീകരിക്കും. 94% പുരോഗതി കൈവരിച്ചു. പദ്ധതി തുക : 20.1 കോടി രൂപ

21. തിരുവാലി 110kV സബ്സ്റ്റേഷൻ: പദ്ധതി 31.07.2025 ന് പൂർത്തീകരിക്കും. 10% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 19.98 കോടി രൂപ

22. 110kV കുറ്റിക്കോൽ സബ്സ്റ്റേഷനും അനുബന്ധ ലൈനും: പദ്ധതി 31.05.2025 ന് പൂർത്തീകരിക്കും. 80% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 20.5 കോടി രൂപ

23. കാടാമ്പുഴ 110kV സബ്സ്റ്റേഷനും അനുബന്ധ ലൈനും: പദ്ധതി 30.10.2025 ന് പൂർത്തീകരിക്കും. 50% പുരോഗതി കൈവരിച്ചു. പദ്ധതി തുക : 19.8 കോടി രൂപ

| | | | |
|---|---|---|---|
| | | | 24. കുന്നംപുറം 110kV സബ്സ്റ്റേഷൻ: പദ്ധതി 31.05.2025 ന പൂർത്തീകരിക്കും. 68% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 9.25 കോടി രൂപ<br><br>25. ആലപ്പുഴ സബ്സ്റ്റേഷന്റെ ശേഷി 110kV ആക്കി ഉയർത്തലും അനുബന്ധ ലൈൻ നിർമ്മാണവും : പദ്ധതി 31.05.2025 ന പൂർത്തീകരിക്കും . 70% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 39.3 കോടി രൂപ<br><br>26. മലപ്പുറം 110kV എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (AIS) 110kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS) ആക്കി ഉയർത്തൽ : പദ്ധതി 31.07.2025 ന പൂർത്തീകരിക്കും . 65% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 38 കോടി രൂപ<br><br>27. 13.5 km 66kV കൂത്താട്ടുകുളം – കുറവിലങ്ങാട് ലൈൻ 110kV ഡബിൾ സർക്യൂട്ട് ലൈനാക്കി ശേഷി ഉയർത്തൽ : പദ്ധതി 30.04.2025 ന പൂർത്തീകരിക്കും. പദ്ധതി തുക : 13.55 കോടി രൂപ<br><br>28. 66kV പാല – ഏറ്റുമാനൂർ ലൈൻ 110kV ഡബിൾ സർക്യൂട്ട് ലൈൻ ആക്കി ശേഷി ഉയർത്തൽ : പദ്ധതി 31.03.2025 ന പൂർത്തീകരിക്കും. 87% പുരോഗതി കൈവരിച്ചു. പദ്ധതി തുക : 12.65 കോടി രൂപ<br><br>29. 66kV ഇടപ്പോൺ – കോഴഞ്ചേരി ലൈനിന്റെ ശേഷി 110kV ആക്കി ഉയർത്തൽ പദ്ധതി 31.05.2025 ന പൂർത്തീകരിക്കും . 82% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 5.28 കോടി രൂപ<br><br>30. 66kV ഇടപ്പോൺ – മാവേലിക്കര ഇരട്ട ലൈൻ 110kV ഡബിൾ സർക്യൂട്ട് ആയി ശേഷി വർധിപ്പിക്കൽ: പദ്ധതി 31.08.2025 ന പൂർത്തീകരിക്കും. 37% പുരോഗതി കൈവരിച്ചു. പദ്ധതി തുക : 20.85 കോടി രൂപ<br><br>ചെറുകിട ജലവൈദ്യുത പദ്ധതികളായ പാലക്കുഴി (1 MW) യുടെ നിർമ്മാണം വരുന്ന സെപ്റ്റംബർ മാസത്തോടെ പൂർത്തിയാ കുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥലം ഏറ്റെടുപ്പ് കഴിയുന്ന മുറക്ക് കനഗപ്പുഴ (1MW), ലോവർ വട്ടപ്പാറ (2.5MW), എന്നീ പദ്ധതികളും നിർമാണം ആരംഭിച്ച് 2027-ഓടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന വൈദ്യുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പ്രധാന വൈദ്യുത പദ്ധതികൾ, പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുന്ന സമയം എന്നിവ **അനുബന്ധമായി ചേർക്കുന്നു.** |

പി എം കുസും പദ്ധതിയുടെ കീഴിൽ, 7.5 MW ന്റെ, 14663 പമ്പുകളുടെ ഫീഡർ ലെവൽ സോളറൈസേഷൻ പദ്ധതി, മാനന്തവാടി, കഞ്ചിക്കോട്, മൈലാട്ടി എന്നീ സ്ഥലങ്ങളിൽ നടന്നു വരുന്നു. പ്രസ്തുത പദ്ധതി 31.12.2025 ൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൊല്ലം ജില്ലയിൽ, NHPC മുഖേന നടപ്പിലാക്കുന്ന 50 MW ന്റെ വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്രോജെക്റ്റ്, 2025 -26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

**പ്രസരണ വിഭാഗത്തിലെ വൈദ്യുതി പദ്ധതികൾ**

1. ശബരി ലൈൻസ് & സബ്സ്റ്റേഷൻ പാക്കേജ് (പത്തനംതിട്ട, കക്കാട് 220 കെ വി സബ്സ്റ്റേഷനിലേക്കുള്ള 220 കെവി ലൈൻ) – 78.54% പുരോഗതി കൈവരിച്ചു. 31.03.2025 ൽ പൂർത്തീകരിക്കും. പദ്ധതി തുക : 130.73 കോടി രൂപ

2. 220 kV സബ്സ്റ്റേഷൻ പത്തനംതിട്ട - 78.24 % പുരോഗതി കൈവരിച്ചു. 31.03.2025 ൽ കമ്മീഷൻ ചെയ്യും. പദ്ധതി തുക : 45.11 കോടി രൂപ

3. 220 kV സബ്സ്റ്റേഷൻ കക്കാട് – 73.6 % പുരോഗതി കൈവരിച്ചു. 31.03.2025 ൽ കമ്മീഷൻ ചെയ്യും. പദ്ധതി തുക : 39.94 കോടി രൂപ

4. കോലത്തുനാട് ലൈൻ സ്ട്രെങ്ത്തനിങ് പാക്കേജ്: പുരോഗതി: 85.76%, പദ്ധതി 31.03.2025 ന് പൂർത്തീകരിക്കും. പദ്ധതി തുക: 339.22 കോടി രൂപ

5. തൃശ്ശിവപേരൂർ ലൈൻസ് പാക്കേജ് (നിർദ്ദിഷ്ട വെങ്ങാലൂർ 220 കെ.വി സബ്സ്റ്റേഷനിലേക്കുള്ള 220 കെവി ലൈൻ) – 30.92% പുരോഗതി കൈവരിച്ചു. 31.12.2025 ൽ പൂർത്തീകരിക്കും. പദ്ധതി തുക : 116.83 കോടി രൂപ

6. വെങ്ങാലൂർ (തിരൂർ) 220 കെ.വി സബ്സ്റ്റേഷൻ - താത്കാലിക 110 / 11 കെ.വി 12.5 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവർത്തി 31.03.2025 ൽ പൂർത്തിയാക്കും. 90% പുരോഗതി കൈവരിച്ചു. പദ്ധതി തുക : 1.2 കോടി രൂപ

7. ട്രാവൻകൂർ ലൈൻസ് പാക്കേജ് (മെഡിക്കൽ കോളേജ്- TERLS സബ്സ്റ്റേഷനുകൾ, വിഴിഞ്ഞം- വേളി -മുട്ടത്തറ സബ്സ്റ്റേഷനുകൾ എന്നിവ ഭൂഗർഭ കേബിളുകൾ വഴി ബന്ധിപ്പിക്കൽ - 63.3% പുരോഗതി കൈവരിച്ചു . പദ്ധതി തുക : 125.94 കോടി രൂപ

8. 400 kV വയനാട് - കാസർഗോഡ് DC ലൈൻ - 12.34 % പുരോഗതി കൈവരിച്ചു. പദ്ധതി തുക : 706.3 കോടി രൂപ

9. അട്ടപ്പാടി ഗ്രീൻ കോറിഡോർ - മണ്ണാർക്കാട്, അഗളി (അട്ടപ്പാടി) 220 / 110 കെ.വി ജിസ് സബ്സ്റ്റേഷനും, അനുബന്ധ 220 കെവി ലൈനും - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തികരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ് .പദ്ധതി തുക : 310.46 കോടി രൂപ

10. രാമക്കൽമേട് ഗ്രീൻ കോറിഡോർ - നിർമലാ സിറ്റി & 110 കെ.വി സബ്സ്റ്റേഷൻ പുഷ്പകണ്ടം, രാമക്കൽമേട് - നെടുക്കണ്ടം 110 കെ.വി ലൈനും കുയിലിമല നിർമലാ സിറ്റി 220/ 110 കെ.വി ലൈൻ - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തികരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പദ്ധതി തുക : 288.64 കോടി രൂപ

11. കരിന്തളം ഡൌൺസ്ട്രീം - നിർദിഷ്ട 400 കെ.വി കരിന്തളം സബ്സ്റ്റേഷനിൽ നിന്നുള്ള 220 കെ.വി മൾട്ടി സർക്യൂട്ട് ലൈനുകൾ - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തികരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പദ്ധതി തുക : 54.49 കോടി രൂപ

12. കുത്തുങ്കൽ നെടുങ്കണ്ടം 110 കെ.വി ലൈൻ - ലൈനിന്റെ ടെൻഡർ നടപടികൾ പൂർത്തികരിച്ച് കരാർ നൽകുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പദ്ധതി തുക : 38.25 കോടി രൂപ

13. വള്ളുവനാട് പാക്കേജ് - നിർദിഷ്ട വെണ്ണക്കര 220 കെ.വി സബ്സ്റ്റേഷനിലേക്കുള്ള 220 കെ.വി ലൈൻ, 220 കെ.വി മണ്ണാർക്കാട്, വെണ്ണക്കര ലൈൻ - ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. പദ്ധതി തുക : 242.18 കോടി രൂപ

14. വയനാട് 400 കെ.വി സബ്സ്റ്റേഷൻ - സ്ഥലമേറ്റെടുക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. പദ്ധതി തുക: 205.5 കോടി രൂപ

15. 220 കെ.വി സബ്സ്റ്റേഷനുകളായ തുറവൂർ, വെണ്ണക്കര, അഗളി, മണ്ണാർക്കാട് - ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. പദ്ധതി തുക : 284.91 കോടി രൂപ

16. 220 കെ.വി സബ്സ്റ്റേഷനുകളായ ശാസ്താംകോട്ട, ഇരിഞ്ഞാലക്കുട, വിദ്യാനഗർ (കാസർഗോഡ്) 400

കെ.വി സബ്സ്റ്റേഷൻ ഇടമൺ - പ്രാരംഭ നടപടികൾ പുരോഗമിച്ച് വരുന്നു. പദ്ധതി തുക : 403.5 കോടി രൂപ

17. വാഴൂർ 110kV സബ്സ്റ്റേഷൻ നിർമ്മാണം: പദ്ധതി പൂർത്തീകരിച്ച 17.02.2025 ന കമ്മീഷൻ ചെയ്തു. പദ്ധതി തുക: 15.2 കോടി രൂപ

18. വെണ്ണിയൂർ 33kV സബ്സ്റ്റേഷൻ നിർമ്മാണം: പദ്ധതി പൂർത്തീകരിച്ച 27.12.2024 ന കമ്മീഷൻ ചെയ്തു. പദ്ധതി തുക: 19 കോടി രൂപ

19. INKEL 33kV സബ്സ്റ്റേഷനും അനുബന്ധ ലൈനും: പദ്ധതി 31.03.2025 ന പൂർത്തീകരിക്കും. 95% പുരോഗതി കൈവരിച്ചു. തുക: 9.9 കോടി രൂപ

20. മുരിക്കാശ്ശേരി 110kV സബ്സ്റ്റേഷനും അനുബന്ധ ലൈനും: പദ്ധതി 31.05.2025 ന പൂർത്തീകരിക്കും. 94% പുരോഗതി കൈവരിച്ചു. പദ്ധതി തുക : 20.1 കോടി രൂപ

21. തിരുവാലി 110kV സബ്സ്റ്റേഷൻ: പദ്ധതി 31.07.2025 ന പൂർത്തീകരിക്കും. 10% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 19.98 കോടി രൂപ

22. 110kV കുറ്റിക്കോൽ സബ്സ്റ്റേഷനും അനുബന്ധ ലൈനും: പദ്ധതി 31.05.2025 ന പൂർത്തീകരിക്കും. 80% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 20.5 കോടി രൂപ

23. കാടാമ്പുഴ 110kV സബ്സ്റ്റേഷനും അനുബന്ധ ലൈനും: പദ്ധതി 30.10.2025 ന പൂർത്തീകരിക്കും. 50% പുരോഗതി കൈവരിച്ചു. പദ്ധതി തുക : 19.8 കോടി രൂപ

24. കുന്നംപുറം 110kV സബ്സ്റ്റേഷൻ: പദ്ധതി 31.05.2025 ന പൂർത്തീകരിക്കും. 68% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 9.25 കോടി രൂപ

25. ആലപ്പുഴ സബ്സ്റ്റേഷന്റെ ശേഷി 110kV ആക്കി ഉയർത്തലും അനുബന്ധ ലൈൻ നിർമ്മാണവും : പദ്ധതി 31.05.2025 ന പൂർത്തീകരിക്കും . 70% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 39.3 കോടി രൂപ

26. മലപ്പുറം 110kV എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (AIS) 110kV ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS) ആക്കി ഉയർത്തൽ : പദ്ധതി 31.07.2025 ന പൂർത്തീകരിക്കും . 65% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 38 കോടി രൂപ

| | | | |
|---|---|---|---|
| | | | 27. 13.5 km 66kV കുത്താട്ടുകുളം – കുറവിലങ്ങാട് ലൈൻ 110kV ഡബിൾ സർക്യൂട്ട് ലൈനാക്കി ശേഷി ഉയർത്തൽ : പദ്ധതി 30.04.2025 ന പൂർത്തീകരിക്കും. പദ്ധതി തുക : 13.55 കോടി രൂപ<br><br>28. 66kV പാല – ഏറ്റുമാനൂർ ലൈൻ 110kV ഡബിൾ സർക്യൂട്ട് ലൈൻ ആക്കി ശേഷി ഉയർത്തൽ : പദ്ധതി 31.03.2025 ന പൂർത്തീകരിക്കും. 87% പുരോഗതി കൈവരിച്ചു. പദ്ധതി തുക : 12.65 കോടി രൂപ<br><br>29. 66kV ഇടപ്പോൺ – കോഴഞ്ചേരി ലൈനിന്റെ ശേഷി 110kV ആക്കി ഉയർത്തൽ പദ്ധതി 31.05.2025 ന പൂർത്തീകരിക്കും . 82% പുരോഗതി കൈവരിച്ചു .പദ്ധതി തുക : 5.28 കോടി രൂപ<br><br>30. 66kV ഇടപ്പോൺ – മാവേലിക്കര ഇരട്ട ലൈൻ 110kV ഡബിൾ സർക്യൂട്ട് ആയി ശേഷി വർധിപ്പിക്കൽ: പദ്ധതി 31.08.2025 ന പൂർത്തീകരിക്കും. 37% പുരോഗതി കൈവരിച്ചു. പദ്ധതി തുക : 20.85 കോടി രൂപ<br><br>ചെറുകിട ജലവൈദ്യുത പദ്ധതികളായ പാലക്കുഴി (1 MW) യുടെ നിർമ്മാണം വരുന്ന സെപ്റ്റംബർ മാസത്തോടെ പൂർത്തിയാ കുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥലം ഏറ്റെടുപ്പ് കഴിയുന്ന മുറക്ക് കനഗപ്പുഴ (1MW), ലോവർ വട്ടപ്പാറ (2.5MW), എന്നീ പദ്ധതികളും നിർമാണം ആരംഭിച്ച് 2027-ഓടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | സൗരോർജ്ജ പദ്ധതികൾ വികസിപ്പിക്കുന്നതിനും പുനരുപയോഗ ഊർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പി ക്കുന്നതിനായി ഇപ്പോൾ നിലവിലുള്ള പി എം സൂര്യ ഘർ പദ്ധതിയിൽ MNRE യുടെ സഹകരണത്തോടെ ഗാർഹിക ഉപഭോ ക്താക്കൾക്ക് പരമാവധി 78000 രൂപ വരെ സബ്സിഡിയായി നൽകി വരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി 11.03.2025 വരെ സംസ്ഥാനത്തു 1045 ഡെവലപ്പർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ഉൾപെട്ടിട്ടുള്ള സെക്ഷൻ ഓഫീസ് അസിസ്റ്റന്റ് എൻജിനീയർ-മാരുടെയും ഡെവലപ്പർ മാരുടെയും കാര്യക്ഷമത വർധിപ്പിക്കുന്ന തിനായി നാഷണൽ പവർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് പരിശീലനം നൽകി വരുന്നു. കൂടാതെ ഇപ്പോൾ കൺസ്യൂമേഴ്സിന് റജിസ്ട്രേഷൻ നടപടി കൾ ലളിതമാക്കികൊണ്ടു MNRE റജിസ്ട്രേഷൻ പോർട്ടൽ 2.0 അവതരിപ്പിച്ചിട്ടുണ്ട്. |

കൂടാതെ വിൻഡ് മേഖലയിൽ പുനരുപയോഗ ഊർജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി വിൻഡ് മേഖലയിൽ 300 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ വിൻഡ് ഡെവലപ്പർ സ്വയം കണ്ടെത്തുന്ന സ്ഥലത്തു നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങി കഴിഞ്ഞു. അതുപോലെ തന്നെ, കാറ്റിന്റെ ശക്തി താരതമ്യേന കൂടുതൽ ഉള്ള രാമക്കൽമേട്, പാപ്പൻപാറ, മാൻകുത്തിമേട്, അഗളി, പൊന്മുടി മുതലായ സ്ഥലങ്ങളിലെ റവന്യൂ ഭൂമി / ഉപയോഗ ശൂന്യമായ ഭൂമി / ആദിവാസി ഭൂമി എന്നിവയിൽ നിന്നും 350 മെഗാവാട്ടിന്റെ wind energy പദ്ധതികൾ, IPP മോഡലിൽ നടപ്പിലാക്കാൻ ടെൻഡർ നടപടികൾ തുടങ്ങി കഴിഞ്ഞു. ഇതോടൊപ്പം ചെറുകിട കാറ്റാടി യന്ത്രം (2,3 & 5 kW) പ്രോത്സാഹിപ്പിക്കാൻ വേണ്ടി, കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ചെറുകിട കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടിയും തുടങ്ങി കഴിഞ്ഞു.

ഇതിനുപുറമെ സൗരോർജ്ജ പദ്ധതികൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വർധിച്ചുവരുന്ന പുനരുപയോഗ പ്ലാന്റുകൾ വൈദ്യുതി ഗ്രിഡിലേക്ക് സംയോജിപ്പിക്കുന്നതിന് നൂതന ഊർജ്ജ സംരക്ഷണ സംവിധാനമായ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഇത് നടപ്പിലാക്കുന്നത് വഴി പകൽ ലഭ്യമായ അധിക സൗരോർജ്ജം സംഭരിച്ച് വൈദ്യുതി കൂടുതൽ ആവശ്യമായി വരുന്ന വൈകുന്നേരങ്ങളിൽകൂടിയ വിലയ്ക്ക് വാങ്ങുന്ന വൈദ്യുതിക്ക് പകരമായി ലഭ്യമാക്കുവാൻ കഴിയും. കെഎസ്ഇബി-യുടെ 5 സബ്സ്റ്റേഷനുകളിലായി ആകെ 250MW /1000MWh ശേഷിയുള്ള BESS സ്ഥാപിക്കുന്നതിനുള്ള ടെൻഡർ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (SECI), നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ (NHPC) എന്നീ ഏജൻസികൾ വഴിയാണ് കേന്ദ്ര സഹായത്തോടെ പദ്ധതി നടപ്പിൽ വരുത്തുന്നത്. 125MW/500MWh കപ്പാസി റ്റിയുടെ രണ്ട് പദ്ധതികളാണ് നടപ്പിലാക്കുന്നത്. കേന്ദ്ര ഊർജ്ജമന്ത്രാ ലയത്തിന്റെ 135 കോടി രൂപയുടെ സാമ്പത്തിക അനുമതിയോടെയാണ് ഇവ ഓരോന്നും നടപ്പിൽ വരുത്തുന്നത്.

സൗരോർജ്ജ പദ്ധതികൾ വികസിപ്പി ക്കുന്നതിനും പുനരുപയോഗ ഊർജ്ജ പ്ലാന്റുകൾ

സ്ഥാപിക്കുന്നതിനും അനെർട്ട് മുഖേന സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

- സർക്കാർ / പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.
- റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപന ങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.
- ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.
- സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ / BPL / പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.
- സ്മാർട്ട് സിറ്റിയുമായി സഹകരിച്ചു കൊണ്ട് തിരുവനന്തപുരം കോർപ്പ റേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.
- സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പിലാക്കുന്നു.
- പച്ചക്കറികൾ / പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.
- പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർ ത്ഥികൾ താമസിക്കുന്ന ഹോസ്റ്റ ലുകളിൽ സോളാർ ഹൈബ്രിഡ് / ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പിലാക്കുന്നു. വിദൂര ആദിവാസി കോളനികളിൽ സോളാർ പവർ പ്ലാന്റുകൾ / വിൻഡ് /സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

- സൗരോർജ്ജ ഉല്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കേരളത്തിൽ കാർഷിക മേഖലയിൽനിന്നും സൗരോർജ്ജ ഉത്പ്പാദനം വർദ്ധിപ്പിക്കുവാൻ പ്രസ്തുത പദ്ധതിയിലൂടെ അനെർട്ട് ലക്ഷ്യമിടുന്നു. വൈദ്യുത കണക്ഷൻ ഉള്ള കൃഷിയിടങ്ങളിലെ വൈദ്യു തിയിൽ പ്രവർത്തിക്കുന്ന 1 hp മുതൽ 7.5hp വരെയുള്ള കാർഷിക പമ്പുകൾ സൗരോർജ്ജവൽക്ക രിക്കുകയും അതിൽ നിന്ന് ഉത്പാ ദിപ്പിക്കുന്ന അധിക വൈദ്യുതി കർഷകർ KSEB- ന് വിൽക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ്. ഇതിൻ പ്രകാരം ആവശ്യമായ പദ്ധതിത്തുകയുടെ 30% കേന്ദ്ര സബ്സിഡിയും 30% സംസ്ഥാന സബ്സിഡിയും ശേഷിക്കുന്ന 40% ഉപഭോക്തൃവിഹിതവും ആണ്. കേന്ദ്ര സർക്കാരിൽ നിന്നും പിഎം കുസും കോംപോണേന്റ് സി യ്ക്കായി രണ്ടു ഘട്ടങ്ങളിലായി 45000 (9348+35652) അധിക പമ്പുകൾക്ക് അംഗീകാരം അനെർട്ട് ലഭ്യമാക്കി യിട്ടുണ്ട്. ഒരു ലക്ഷത്തോളം പമ്പുകൾ ഈ പദ്ധതി വഴി സോളാറിലേക്ക് പരിവർത്തനം ചെയ്യാൻ അനെർട്ട് ലക്ഷ്യമിടുന്നു .പ്രാരംഭ ഘട്ടത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ആദ്യ ഘട്ട കേന്ദ്ര അനുമതി ലഭിച്ച 9348 പമ്പുകളുടെ സൗരോർജ്ജ വൽക്കരണം നബാർഡ് RIDF ലോൺ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. ഇത്രയും പമ്പുകൾക്കുള്ള സംസ്ഥാന വിഹിതവും കർഷക വിഹിതവും നബാർഡ് RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. 7 വർഷമാണ് ലോൺ തിരിച്ചടവ് കാലാവധി പ്രതീക്ഷിക്കുന്നത്. നിലവിൽ 2000 എണ്ണം പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞു. ഇതിൽ 1100 എണ്ണത്തിന്റെ സൗരോർജ്ജവൽക്കരണം പൂർത്തിയായി. കർഷകർക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയുമില്ലാതെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് പിഎം-കുസും പദ്ധതിയിലൂടെ ഒരു ലക്ഷം പമ്പുകൾ സൗരോർജ്ജവൽ ക്കരിക്കുമ്പോൾ ഏകദേശം

| | | | | |
|---|---|---|---|---|
| | | | | 380 MW സൗരോർജ്ജനിലയ സ്ഥാപിത ശേഷി അധികമായി കൈവരി ക്കുവാൻ സാധിക്കും. ഇതിൽനിന്നും 570 MU അധിക ഊർജ്ജം ഉല്പാദിപ്പിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നു.<br>• സൗരോർജ്ജ പദ്ധതികൾ വികസി പ്പിക്കുന്നതിന്റെ ഭാഗമായി ദേശീയ പാത, MC റോഡ് മറ്റു സംസ്ഥാനപാത എന്നിവയോടു ചേർന്നുള്ളതും cafeteria, Washroom സംവിധാനത്തോടുകൂടിയ സ്ഥലങ്ങ ളിൽ നിഴൽരഹിതമായി സ്ഥലമു ണ്ടെങ്കിൽ അത്തരം സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനിൽ സോളാർ പാനൽ സ്ഥാപിച്ച് ഹരിതോർജ്ജ ത്തിന്റെ ഉപയോഗം പ്രോത്സാഹി പ്പിച്ചുവരുന്നു. ഹോട്ടലുകൾ, മാളുകൾ, കോർപ്പറേറ്റീവ് സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപി ക്കുന്ന പബ്ലിക് EV ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഉൾപ്പെടുത്തിയാൽ ഒരു കിലോവാട്ടിന് 20,000/- രൂപ മുതൽ പരമാവധി 50 കിലോവാട്ടിന് 10 ലക്ഷം രൂപ സംസ്ഥാന സർക്കാർ സബ്സിഡി നൽകിവരുന്നു. 2021 മുതൽ 2024 വരെ കാലയളവിൽ ചാർജിംഗ് സ്റ്റേഷനു കളുടെ സൗരോർജ്ജ സംവിധാ നത്തിന്റെ സ്ഥാപിത ശേഷിയിൽ ഉണ്ടായ വർദ്ധനവ് 495 kW ആണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നമ്പർ | പദ്ധതി | ഉത്പാദനശേഷി (MW) | ഉതാപദനം | നിർമ്മാണ പുരോഗതി/ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുന്ന സമയം |
|---|---|---|---|---|
| 1 | പള്ളിവാസൽ | 60 | 153.90 | 99.71% പൂർത്തിയാക്കി.<br>കൊമേഴ്സ്യൽ ഓപ്പറേഷൻ നടന്നു വരുന്നു |
| 2. | അപ്പർ ചെങ്കുളം | 24 | 53.22 | 22.05.2024 –ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.<br><br>പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുന്ന സമയം<br>ഏപ്രിൽ 2028 . |
| 3 | പൊരിങ്ങൽകുത്ത് സ്ക്രൂ ടർബൈൻ | 0.036 | 0.25 | 94.50% പൂർത്തിയാക്കി.<br><br>പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുന്ന സമയം<br>മാർച്ച് 2025. |
| 4 | ഭൂതത്താൻകെട്ട് | 24 | 83.50 | 93.30% പൂർത്തിയാക്കി<br><br>പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുന്ന സമയം തീരുമാനമായിട്ടില്ല. അഡ്വക്കേറ്റ് ജനറൽ, കേരളയുടെ നിയമോപദേശം പ്രകാരം പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയാണ് |
| 5 | പഴശ്ശിസാഗർ | 7.5 | 25.16 | ആവശ്യമായ പുരോഗതി കൈവരിക്കത്തതിനാൽ സിവിൽ contract terminate ചെയ്തിട്ടുണ്ട്. ബാക്കിയുള്ള സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി – 42.67%. ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ 32.85% പൂർത്തിയാക്കി. പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുന്ന സമയം ഡിസംബർ 2026. |
| 6 | ചിന്നാർ ഫേസ് II | 24 | 76.45 | 50.43% പൂർത്തിയാക്കി.<br>പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുന്ന സമയം<br>സെപ്റ്റംബർ 2025. |
| 7 | ഒലിക്കൽ | 5 | 10.26 | 52% സിവിൽ ജോലികൾ പൂർത്തിയാക്കി.<br>പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുന്ന സമയം<br>ഡിസംബർ 2025. |
| 8 | പൂവാരംതോട് | 3 | 5.88 | 48% സിവിൽ ജോലികൾ പൂർത്തിയാക്കി. |

| | | | | |
|---|---|---|---|---|
| | | | | പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുന്ന സമയം ഡിസംബർ 2025. |
| 9 | മാങ്കുളം | 40 | 82.08 | 31.10% സിവിൽ ജോലികൾ പൂർത്തിയാക്കി. പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുന്ന സമയം മെയ് 2026. |
| 10 | കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x 27.50 MW) | 7.50 | | ഒക്ടോബർ 2025 ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടുന്നു. |
| 11 | ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85 Mu) | | 85 | ഭൗമശാസ്ത്രപരമായ പ്രശ്നങ്ങളാൽ നിർത്തിവച്ചിരുന്ന തുരങ്ക നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുടെ പഠനത്തിന്റെ വെളിച്ചത്തിൽ പുതുക്കിയ റൂട്ടിലൂടെ പുനരാരംഭിക്കാനും 15 മാസത്തിനുള്ളിൽ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. അതിനനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി -77.32 %. പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുന്ന സമയം ജൂൺ 2026. |
| | ആകെ ശേഷി | **195.036 MW** | | |

സെക്ഷൻ ഓഫീസർ